**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 7** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പിൻവാതിൽ നിയമനങ്ങൾ തടയാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ജോയി

ശ്രീ. കാരായി രാജൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് വ്യാപകമായി പിൻവാതിൽ നിയമനങ്ങൾ നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല.

**(ബി)** വ്യവസായ വകുപ്പിലെ കെ.എസ്.ഐ.ഇ., എസ്.ഐ.എഫ്.എൽ. എന്നിവയുടെയും വനിതാ-ശിശുക്ഷേമ വകുപ്പിലെ വനിതാ വികസന കോർപ്പറേഷന്റെയും തലപ്പത്ത് പിൻവാതിൽ നിയമനം നടത്തിയെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE)-ൽ കേരള പബ്ലിക് എന്റർപ്രൈസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് (KPESRB) മുഖേന മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെട്ടിരുന്ന വ്യക്തി മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നേടിയ സാഹചര്യത്തിൽ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിലെ ഒരു ഉദ്യോഗസ്ഥനെ ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്.

സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (SIFL)-ൽ മാനേജിംഗ് ഡയറക്ടറുടെയും കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയും വഹിച്ച് വന്നിരുന്ന വ്യക്തിയെ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ പൂർണ്ണ ചുമതലയിൽ നിയമിച്ചതിനെ തുടർന്ന് എസ്ഐഎഫ്എൽ-ൽ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല നിലവിൽ കൊച്ചി കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകിയിരിക്കുകയാണ്.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുൻ മാനേജിംഗ് ഡയറക്ടറും അങ്കണവാടി വർക്കേഴ്സ് ആൻ്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നതുമായ ശ്രീ. പി.ടി. മുഹമ്മദ് സുനീഷ് നിലവിലെ വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീമതി ബിന്ദു .വി.സി രാജി വച്ചതിനെ തുടർന്ന് മാതൃ സ്ഥാപനമായ വനിതാ വികസന കോർപ്പറേഷനിൽ തിരികെ പ്രവേശിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ഇതേ

ആവശ്യത്തിന് ബഹു. ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുമുണ്ടായിരുന്നു. ശ്രീ. പി.ടി. മുഹമ്മദ് സുനീഷിനെ മാതൃ സ്ഥാപനമായ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ തിരികെ നിയമിച്ചിട്ടുണ്ട്.

**(സി)** പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് നിലവിലിരിക്കെ മാനദണ്ഡങ്ങൾ പാലിക്കാതെ ഉന്നത തസ്തികകളിൽ സർക്കാർ നേരിട്ട് നിയമനം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തിരുത്താൻ തയ്യാറാകുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**(ഡി)** വിവിധ കോർപ്പറേഷനുകളുടെ തലപ്പത്ത് ചട്ടങ്ങൾ മറികടന്ന് നടത്തിയതായി പറയപ്പെടുന്ന ഇത്തരം നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുനഃപരിശോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**സെക്ഷൻ ഓഫീസർ**